## പതിമൂന്നാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 7755

23-07-2012 ൽ മറുപടിക്ക്

### എക്സൈസ് വകുപ്പിന് കീഴിലുള്ള വിവിധ ഓഫീസുകളിലെ ജീവനക്കാരുടെ അംഗബലം

**ചോദ്യം**
ശ്രീ. ജി.എസ്.ജയലാൽ :

**ഉത്തരം**
ശ്രീ. കെ. ബാബു
(മത്സ്യബന്ധനവും, തുറമുഖവും, എക്സൈസും വകുപ്പ് മന്ത്രി)

എ) എക്സൈസ് വകുപ്പിന് കീഴിലുള്ള വിവിധ ഓഫീസുകളിലെ ജീവനക്കാരുടെ അംഗബലം നിർണ്ണയിച്ചത് എന്നാണെന്ന് അറിയിക്കുമോ ; 1968 ൽ നിർണ്ണയിക്കപ്പെട്ട അംഗബലം അനുസരിച്ചാണോ വകുപ്പിലെ വിവിധ ഓഫീസുകൾ പ്രവർത്തിക്കുന്നത്; വിശദീകരിക്കുമോ ;

എ) 02-05-1996-ലെ ജി.ഒ.(എം.എസ്) നമ്പർ 39/96/നി.വ ഉത്തരവ് അനുസരിച്ചാണ് എക്സൈസ് വകുപ്പിൽ നിലവിലുള്ള അംഗബലം പുനർനിർണ്ണയിച്ച് സർക്കാർ ഉത്തരവായിട്ടുള്ളത്. 01-04-1996 ൽ ചാരായ നിരോധനം നിലവിൽ വന്നതു മുതൽ എക്സൈസ് സർക്കിൾ ഓഫീസുകൾക്ക്, ലൈസൻസികളിൽ നിന്നും കിസ്റ്റും മറ്റ് റവന്യൂ വരുമാനങ്ങളും വസൂലാക്കുന്ന ചുമതല കൂടി നൽകിക്കൊണ്ടും, എൻഫോഴ്സ്മെന്റ് പ്രവർത്തനം നടത്തുന്നതിന്റെ ചുമതല എക്സൈസ് റെയിഞ്ച് ഓഫീസുകൾക്ക് നൽകിക്കൊണ്ടും, ഉത്തരവായിട്ടുണ്ട്. ഇത്തരത്തിൽ ചുമതല പുനർനിർണ്ണയം ചെയ്തു നൽകിയതോടൊപ്പം, സർക്കിൾ ഓഫീസുകളിലേയും റെയിഞ്ച് ഓഫീസുകളിലേയും മുൻപ് ഉണ്ടായിരുന്ന അംഗബലത്തിൽ പുനർവിന്യാസം നടത്തിയിട്ടുണ്ട്. എന്നാൽ ആകെ അംഗബലത്തിൽ മാറ്റം വരുത്തിയിരുന്നില്ല.

1968 ൽ നിർണ്ണയിക്കപ്പെട്ട അംഗബലം അനുസരിച്ച് മാത്രമല്ല വകുപ്പിലെ വിവിധ ഓഫീസുകൾ പ്രവർത്തിക്കുന്നത്. എക്സൈസ് വകുപ്പിൽ കാലാകാലങ്ങളിൽ ഉണ്ടായിട്ടുള്ള പുതിയ ഓഫീസുകളുടെ രൂപീകരണത്തെ തുടർന്ന് പുതുതായി തസ്തികകൾ സൃഷ്ടിച്ചതിനെ തുടർന്നും വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

ബി) കഴിഞ്ഞ 25 വർഷത്തിനുള്ളിൽ എക്സൈസുമായി ബന്ധപ്പെട്ട് ഉണ്ടായ കേസുകളുടെ വർദ്ധനവ് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; കേസുകളുടെ വർദ്ധനവ് കണക്കിലെടുത്ത് ഓരോ ഓഫീസുകളിലെയും ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ ആയത് എന്ന് പ്രാവർത്തികമാക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ ?

ബി) കഴിഞ്ഞ 25 വർഷത്തിനുള്ളിൽ എക്സൈസ് വകുപ്പുമായി ബന്ധപ്പെട്ട് ഉണ്ടായ കേസുകളുടെ വർദ്ധനവ് വിലയിരുത്തിയ വിശദാംശങ്ങൾ ലഭ്യമല്ല. എന്നാൽ, 1990-1991 മുതലുള്ള കേസുകളുടെ കണക്കുകൾ പരിശോധിക്കുമ്പോൾ, ചാരായ നിരോധനത്തിന് മുമ്പുണ്ടായിരുന്ന കാലഘട്ടത്തിൽ കണ്ടുപിടിച്ച കേസുകളുടെ എണ്ണത്തെക്കാൾ കുറവായിരുന്നു ചാരായ നിരോധനത്തിനു ശേഷം കണ്ടു പിടിക്കപ്പെട്ട കേസുകളുടെ എണ്ണം. 1997-ൽ അബ്കാരി ആക്ട് ഭേദഗതി ചെയ്തതു കൊണ്ട്, കേസുകളിൽ ബഹുഭൂരിപക്ഷവും മേജർ കേസുകളും, ജാമ്യമില്ലാത്ത കേസുകളും ഡിപ്പാർട്ടുമെന്റലായി കോമ്പൗണ്ട് ചെയ്യാൻ കഴിയാത്ത

കേസുകളുമാക്കിയതിനാൽ കേസുകളുടെ എണ്ണത്തിൽ കുറവു വരുവാൻ കാരണമായിട്ടുണ്ട്. ചാരായ നിരോധനത്തിന് മുമ്പ് എക്സൈസ് വകുപ്പ് എടുത്ത ഭൂരിപക്ഷം അബ്കാരി കേസുകളും കോമ്പൗണ്ട് ചെയ്യുന്ന കേസുകളായിരുന്നു. നിലവിൽ അബ്കാരി കേസുകളിൽ നല്ലൊരു ശതമാനവും സെഷൻസ് കോടതികളിൽ വിചാരണ നടത്തേണ്ട കേസുകളായി മാറ്റിയിട്ടുണ്ട്. കേസുകളിൽ ബഹു ഭൂരിപക്ഷവും മേജർ കേസുകളായി മാറിയതനുസരിച്ച് ഉദ്യോഗസ്ഥർക്ക് ജോലിഭാരം പതിന്മടങ്ങ് വർദ്ധിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ എക്സൈസിന്റെ അംഗബലം വർദ്ധിപ്പിക്കുന്നതിന് നടപടികൾ എടുത്തിട്ടുമുണ്ട്. അബ്കാരി കേസുകൾ കൂടുതൽ കണ്ടെടുത്ത പ്രദേശങ്ങൾ കേന്ദ്രീകരിച്ച് റേഞ്ചാഫീസുകൾ ആരംഭിക്കുകയും, അംഗബലം വർദ്ധിപ്പിച്ച്, എക്സൈസ് ഇന്റലിജൻസ്, ക്രൈം റിക്കാർഡ്സ് ബ്യൂറോ എന്നീ വിഭാഗങ്ങൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ